സുബ്ഹാനള്ളാഹ്

പേരിന്റെ അവസാനത്തിൽ മൗലവി എന്ന് ഉളുപ്പില്ലാതെ എഴുതി, തമ്മാടിത്തരം പറഞ്ഞു നടക്കണ്ട എന്ന് നീട്ടി വലിച്ചെഴിതിയിട്ട് ഈ വിശുദ്ധ റമളാനിന്റെ പവിത്രതപോലും മാനിക്കാതെ മൻഖൂസ് മൗലിദിന്റെ പേരിൽ പച്ചക്കള്ളം പ്രചരിപ്പിക്കുന്നു. സുന്നികളോടുള്ള അരിശം മൂത്ത് കണ്ണും കാതും കൽബും മരവിച്ച ഈ തന്തമൗലവി പിച്ചും പേയും പറയുന്നതാണ് നാം കാണുന്നത്. ''അല്ലാഹും റസൂലും നുണയന്മാരാണ്, ബിംബങ്ങൾ ചോദിച്ചാൽ ഉത്തരം നൽകും, നബി (സ്വ) പല വാപ്പമാർക്ക് ജനിച്ച ആളാകുന്നു. എന്നല്ലാം സുന്നികൾ പറയുന്നു'' എന്നാണ് മൗലവിയുടെ പുതിയ കണ്ടുപിടിത്തം. ഇതൊക്കെ മൻഖൂസിൽ ഉണ്ടെത്രെ!!!. തുടർന്ന് മൗലവി അല്ലാഹുവിന്റെ പേരിൽ പച്ചക്കള്ളം പറയുന്നു. മൻഖൂസ് കത്തിക്കുന്നവന് അല്ലാഹു സ്വർഗ്ഗം നൽകുക തന്നെ ചെയ്യും. തുടർന്നു തമ്മാടിത്തരം പറഞ്ഞു നടക്കണ്ട എന്ന ഉപദേശത്തോടെയാണ് മൗലവി ഇത്രയും തമ്മാടിത്തരങ്ങൾ പറഞ്ഞത്.

സത്യത്തിൽ; മൗലവി ആരോപിച്ച പോലെയുള്ള വാദങ്ങൾ സുന്നികൾ പറയണമെന്ന് ഒരുപക്ഷേ മൗലവി ആഗ്രഹിച്ചിട്ടുണ്ടാവും. എന്നാലല്ലേ എന്തെങ്കിലും സുന്നികളെ കുറിച്ച് പറയാൻ പറ്റൂ. ഈ പ്രസ്ഥാനത്തെ എന്തല്ലാം ആരോപണങ്ങളുമായാണ് ഉൽപതിഷ്ണുക്കൾ നേരിടുന്നത് എന്നതിന് ഉദാഹരണമാണ് ഈ മൗലവിയുടെ പുതിയ കണ്ടത്തൽ.

സ്വയം കുറ്റവും കുറവും നോക്കി അല്ലാഹുവിലേക്ക് മടങ്ങേണ്ട ഒരു മാസത്തിൽ പോലും മറ്റുള്ളവരുടേത് ചികഞ്ഞ് നടക്കുന്നവരുടെ കാര്യം വല്ലാത്ത കഷ്ടം തന്നെ. **സുബ്ഹാനള്ളാഹ്**

അബു സകിയ്യ.